**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2091** **09-02-2023 - ൽ മറുപടിയ്ക്ക്**

**ആലത്തൂർ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ .ഡി .പ്രസേനൻ | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | ആലത്തൂർ താലൂക്ക് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ഫയർ ആന്റ് റെസ്ക്യൂ കേന്ദ്രത്തിന്റെ നിലവിലുള്ള കെട്ടിടത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ തകർച്ച നേരിടുന്ന പ്രസ്തുത കെട്ടിടത്തിൽ നിന്നും വാടക കെട്ടിടത്തിലേയ്ക്ക് ഫയർ സ്റ്റേഷൻ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ആലത്തൂർ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നത് വരെ സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിനായി എരിമയൂർ- 2 വില്ലേജിൽ കുനിശ്ശേരി എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടം പൊതുമരാമത്ത് വകുപ്പ്നിശ്ചയിക്കുന്ന വാടകയ്ക്ക് ലഭ്യമാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് Non-Availability Certificate, കെട്ടിടത്തിന്റെ വാടക നിർണ്ണയ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ആലത്തൂർ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കാൻ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ? | (സി) | ആലത്തൂർ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ആലത്തൂർ താലൂക്കിൽ കുഴൽമന്ദം 1 വില്ലേജിൽ ബ്ലോക്ക് നം.17 ൽ റീ.സർവ്വേ നം.672/6 ൽപ്പെട്ട 20.23 ആർ (50 സെന്റ്) സ്ഥലം വകുപ്പിന് കൈമാറി ലഭിച്ചിട്ടുണ്ട്. ടി സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാക്കിയ ആർക്കിടെക്ചറൽ ഡ്രോയിംഗ് പ്ലാൻ വകുപ്പ് മേധാവി അംഗീകരിച്ച് തുടർ നടപടികൾക്കായി പാലക്കാട് ജില്ലാ ഫയർ ആഫീസർ മുഖേന ആലത്തൂർ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ